# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

292537/DOA-ASST-3/2025/Admn (I) 22.06.2026

**<u>പത്രക്കുറിപ്പ്</u>**

**<u>MA Development Studies, Integrated MTA. MA MUSIC (CU-CET 2026) ജൂൺ 26, രാവിലെ 10 മണി വരെ അപേക്ഷിക്കാം</u>**

2026-27 അധ്യയന വർഷത്തെ കാലിക്കറ്റ് സർവ്വകലാശാലയിലെ MA Development Studies(ഇന്റഗ്രേറ്റഡ് എം.എ. ഡെവലപ്മെന്റ് സ്റ്റഡീസ് പ്രോഗ്രാമിന്റെ (2023 അഡ്മിഷൻ ബാച്ച്) ആറാം സെമസ്റ്ററിന് ശേഷം വിദ്യാർത്ഥികൾ എക്സിറ്റ് ആവുന്നതിനെ തുടർന്ന് ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനായി), Integrated MTA, MA MUSIC. എന്നീ പ്രോഗ്രാമുകൾക്ക് 26.06.2026 രാവിലെ 10 മണി വരെ അപേക്ഷിക്കാം. ഓരോ പ്രോഗ്രാമിനും ജനറൽ വിഭാഗത്തിന് 680/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 300/- രൂപയുമാണ് അപേക്ഷാ ഫീസ്.

ഓൺലൈൻ അപേക്ഷ സമർപ്പണത്തിന്റെ ആദ്യ ഘട്ടത്തിൽ CAP IDയും പാസ്‌വേഡും മൊബൈലിൽ ലഭ്യമാകുന്നതിനുവേണ്ടി അപേക്ഷകർ http://admission.uoc.ac.in -> CU-CET എന്ന ലിങ്കിൽ അവരുടെ അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ തുടക്കത്തിൽ മൊബൈൽ നമ്പർ ഒ.ടി.പി (One Time Password) വെരിഫിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ അവരുടെതോ, അല്ലെങ്കിൽ രക്ഷിതാവിന്റെയോ ഫോൺ നമ്പർ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ സമയത്ത് നൽകാവൂ. തുടർന്ന് മൊബൈലിൽ ലഭിച്ച CAP ID യും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ പൂർത്തീകരിക്കേണ്ടതാണ്. അപേക്ഷാ ഫീസ് അടച്ചതിനുശേഷം പ്രിന്റൗട്ട് ലഭിക്കുന്നതോടെ മാത്രമേ അപേക്ഷ പൂർണ്ണമാകുകയുള്ളൂ. പ്രിന്റ് ഔട്ടിൽ രേഖപ്പെടുത്തിയ കോളേജ്, പ്രോഗ്രാം, റിസർവേഷൻ തുടങ്ങിയ വിവരങ്ങൾ വിദ്യാർത്ഥികൾ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

പ്രവേശന പരീക്ഷ തിയ്യതി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തിയ്യതി, പ്രവേശനം ആരംഭിക്കുന്ന തിയ്യതി തുടങ്ങിയ വിശദാംശങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

പ്രവേശന വിജ്ഞാപനത്തിനും പ്രോസ്പെക്ടസിനും മറ്റ് വിശദവിവരങ്ങൾക്കും വെബ്സൈറ്റ് (admission.uoc.ac.in)

സന്ദർശിക്കുക.

ഫോൺ : DoA-0494 2407016, 2407017. Suvega-0494-2660600

Rajeevan Mundayat Valappil

Deputy Registrar

To

പബ്ലിക് റിലേഷൻസ് ഓഫീസർ (എല്ലാ ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)